8 വർഷം പൂർത്തിയാക്കിയ) സ്ഥിരപ്പെടുത്തേണ്ടതായ 299 ദിവസക്കൂലിക്കാരായ ആട്ടോ മെക്കാനിക്കുകൾ ജോലി ചെയ്തുവരുന്നു. ടി ജീവനക്കാരെ വിവിധ യൂണിറ്റുകളിൽ വിന്യസിച്ചിട്ടുള്ളതുമൂലം ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ ഒഴിവാകുന്നുണ്ട്.

അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർമാരുടെ 30 ഒഴിവുകൾ പി.എസ്.സി-ക്ക് നൽകിയിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമനം വൈകുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 28 പേരെ നിയമിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ**

**167 (764)** ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലഭിച്ചിരുന്ന ഡി.എ. എത്ര ശതമാനമായിരുന്നു ;

(ബി) ഈ കാലയളവിൽ സംസ്ഥാന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന നിരക്ക് എത്ര ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് എത്ര ശതമാനം ഡി. എ. നൽകി. ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും ഗവൺമെന്റ് ജീവനക്കാർക്കും നൽകിവരുന്ന ഡി. എ. നിരക്കിലെ വ്യത്യാസം വ്യക്തമാക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കുമ്പോൾ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 45 % ഡി.എ. ആണ് നൽകിയിരുന്നത്.

(ബി) ഈ കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പഴയ ശമ്പളത്തിന്റെ 74 % ഉം പുതുക്കിയ ശമ്പളത്തിന്റെ 15 % ഉം ആണ് ഡി.എ ആയി നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ 10 % കൂടി നൽകി 55 % നൽകുകയും 28-11-2008-ൽ ഒപ്പുവച്ച 1-3-2006 മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ 59 % ഡി.എ ചേർക്കുകയും ഇപ്പോൾ പുതുക്കിയ ശമ്പളത്തിന്റെ 45 % നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ഇപ്പോൾ 45 % ഡി.എ. നൽകുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 78 % ഡി.എ. നൽകുന്നു. ഡി.എ നിരക്കിലെ വ്യത്യാസം 33 % ആണ്.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടെർമിനൽ ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ട്.

**താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ചിലർ വിട്ടുപോയത് സംബന്ധിച്ച്**

**168 (765)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 8 വർഷം പൂർത്തിയാക്കിയ താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ക്ലറിക്കൽ പിഴവുമൂലം ചിലർ വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വിശദമാക്കുമോ ;

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായി അന്വേഷണം നടത്തി വിട്ടുപോയവരുടെ പേരുകൾ കൂട്ടിച്ചേർത്ത് ഒരു സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. പ്രതിമാസ പെൻഷൻ വിതരണത്തിലെ കാലതാമസം**

**169 (766)** ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ പ്രതിമാസ പെൻഷൻ വിതരണം യഥാസമയത്ത് നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി.-യുടെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് പെൻഷൻ ബാധ്യത ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ മാസവും അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly